## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2371 — 12.06.2018-ൽ മറുപടിയ്ക്ക്

### വ്യാജ ലോട്ടറികൾ തടയുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. സി. ദിവാകരൻ | | മറുപടി<br>ഡോ. ടി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വ്യാജ ലോട്ടറികൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | ടിക്കറ്റുകൾ വ്യാജമായി പ്രിന്റ് ചെയ്യൽ, ഫോട്ടോസ്റ്റാറ്റ് പകർപ്പുകൾ ഹാജരാക്കി സമ്മാനതുക തട്ടിയെടുക്കൽ, ടിക്കറ്റുകളിലെ നമ്പർ തിരുത്തൽ എന്നിവ തടയുന്നതിലേക്കായി ലോട്ടറി ടിക്കറ്റുകളിൽ നവീന രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അനധികൃത ലോട്ടറി നടത്തിപ്പിന് തടയിടുന്നതിലേക്കായി റൂളിലേയും, ആക്ടിലേയും വ്യവസ്ഥകൾ ചുമത്തി അനധികൃത ലോട്ടറി നടത്തിപ്പുകാർക്കെതിരെ കേസെടുക്കുവാൻ പോലീസിന് നിർദ്ദേശം നൽകി. എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ സോണൽ തലത്തിൽ പുനസംഘടിപ്പിച്ചു. അനധികൃത ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട വാർത്തകളും പരാതികളും ക്രോഡീകരിച്ച് IGP(Crimes) യ്ക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 29.01.2018-ൽ സംസ്ഥാന വ്യാപകമായി എഴുത്തു ലോട്ടറിക്കെതിരെ നടന്ന റെയിഡിൽ 49 കേസുകളിലായി 57 പേരുടെ അറസ്റ്റ് രേഖപ്പെടുത്തുകയും ഇതിൽ ഉൾപ്പെട്ട വകുപ്പിലെ അംഗീകൃത ഏജന്റുമാരുടെ ഏജൻസി സസ്പെന്റ്/റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) | അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് വിൽപ്പനയ്ക്ക് എത്തുന്നത് നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ബി) | നിയമം അനുശാസിക്കും വിധം മാത്രമേ സംസ്ഥാനത്ത് ലോട്ടറി നടത്തിപ്പ് അനുവദിക്കൂ എന്ന് ഉറപ്പുവരുത്തുന്നതിനായി കേരള പേപ്പർ ലോട്ടറി ചട്ടങ്ങൾ ഭേദഗതി വരുത്തി വിജ്ഞാപനം ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ